**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിലെ എളനാട് കേന്ദ്രമാക്കി ബസ് സ്റ്റാന്റ് നിർമ്മിക്കുന്നതിനായി എളനാട് വില്ലേജിൽ സർവ്വേ നമ്പർ 1042- ൽപ്പെട്ട 0.09916 ഹെക്ടർ സ്ഥലം 2013 -ലെ ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം അർജൻസി ക്ലോസിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിന് പഴയന്നൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.706/2020/ത.സ്വ.ഭ.വ          തീയതി, തിരുവനന്തപുരം : 23/03/2020.

---

പരാമർശം: 1) പഴയന്നൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 04/11/2017-ലെ 10(14) നമ്പർ തീരുമാനം

2) പഞ്ചായത്ത് ഡയറക്ടറുടെ 01/08/2019, 23/12/2019 തീയതികളിലെ PAN/6230/2019/C1(DP) നമ്പർ കത്ത്.

3) സ.ഉ.(എം.എസ്) നമ്പർ 56/2019/ആർ.ഡി, തീയതി 14/02/2019.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമപഞ്ചായത്ത് എളനാട് പ്രദേശത്തെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് എളനാട് കേന്ദ്രമാക്കി ബസ് സ്റ്റാന്റ് നിർമ്മിക്കുന്നതിനായി പാലക്കാട് ജില്ല ആലത്തൂർ താലൂക്ക് പുതുക്കോട് പള്ളി സ്ട്രീറ്റിൽ താമസം വേശക്കാരൻ വീട്ടിൽ ഹൈദ്രോസ് മകൻ വി.എച്ച്. മജീദിന്റെ ഉടമസ്ഥതയിലുള്ള തലപ്പിള്ളി താലൂക്ക് എളനാട് വില്ലേജിൽപ്പെട്ട സർവ്വേ നമ്പർ 1042-ൽപ്പെട്ട 0.09916 ഹെക്ടർ സ്ഥലം അർജൻസി ക്ലോസിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിന് അനുമതി ലഭിക്കുന്നതിനായി സർക്കാരിലേക്ക് അപേക്ഷിക്കാൻ പരാമർശം (1) പ്രകാരം പഴയന്നൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയും പഴയന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സർക്കാരിലേയ്ക്ക് അപേക്ഷിക്കുകയും ചെയ്തു.

2) സ്ഥലമേറ്റെടുക്കുന്നതിനായി 2019-2020 സാമ്പത്തിക വർഷത്തിൽ 15,00,000/- (പതിനഞ്ച് ലക്ഷം രൂപ) തനത് ഫണ്ട് വകയിരുത്തി 111/20 നമ്പറായി പദ്ധതി രൂപീകരിച്ചിട്ടുള്ളതായും അതിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ പരാമർശം(2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പഴയന്നൂർ ഗ്രാമപഞ്ചായത്ത് ഭാവിയിൽ വിഭജിച്ച് എളനാട് കേന്ദ്രമായി പുതിയ പഞ്ചായത്ത് രൂപീകരിക്കുന്ന പക്ഷം ഗ്രാമപഞ്ചായത്തിന് വരുമാന വർദ്ധനവിന് ബസ് സ്റ്റാന്റിനോടനുബന്ധിച്ച് ഷോപ്പുകളും മറ്റു കെട്ടിടങ്ങളും നിർമ്മിക്കാൻ സാധിക്കുമെന്നും ആയതിനാൽ ഗ്രാമപഞ്ചായത്ത് കണ്ടെത്തി അക്വയർ ചെയ്യുവാനായി തീരുമാനിച്ചിരിക്കുന്ന ഭൂമി - ബസ് സ്റ്റാന്റിനും അനുബന്ധ കാര്യങ്ങൾക്കും അനുയോജ്യമാണ് എന്നും ഭൂമി സംബന്ധിച്ച വിശദമായ രേഖ പരിശോധന നടത്തി അക്വയർ ചെയ്യുവാൻ നടപടി സ്വീകരിക്കാവുന്നതാണെന്നും തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമപഞ്ചായത്ത് എളനാട് പ്രദേശത്തെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് എളനാട് കേന്ദ്രമാക്കി ബസ് സ്റ്റാന്റ് നിർമ്മിക്കുന്നതിനായി എളനാട് വില്ലേജ് സർവ്വേ നമ്പർ 1042-ൽ ഉൾപ്പെട്ട 0.09916 ഹെക്ടർ സ്ഥലം **'സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ മുഴുവൻ തുകയും ബന്ധപ്പെട്ട അക്കൗണ്ടിൽ അടവാക്കിയ ശേഷം മാത്രമേ സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കാവൂ'** എന്ന നിബന്ധനയോടെ പരാമർശം(3) സർക്കാർ ഉത്തരവിലെ നിബന്ധനകൾ കർശനമായി പാലിച്ചു കൊണ്ട് 2013-ലെ ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം അർജൻസി ക്ലോസിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിന് പഴയന്നൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സബിത എസ്. ഡി.**

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, പഴയന്നൂർ ഗ്രാമപഞ്ചായത്ത്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ/എൽ.ബി.എ), കേരള .
റവന്യൂ വകുപ്പ്
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ( വെബ് ആന്റ് ന്യൂ മീഡിയ )വകുപ്പ്.
കരുതൽ ഫയൽ **(ആർസി1/33/2019/തസ്വഭവ)**/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ